# ഗുരുസാക്ഷ്യം–12

**ഗുരുസാക്ഷ്യം–11 ഒരിക്കൽകൂടി വായിച്ചതിനുശേഷം ഇതു വായിക്കുന്നത് ഉചിതമായിരിക്കും**

“ആത്മാവിന്റെ മോചനത്തിനായി സ്വയം പ്രവർത്തിക്കുകയും സഹജീവികളെ ആത്മമോചനത്തിന്റെ മാർഗ്ഗത്തിലേക്കു നയിക്കുകയും ചെയ്യുക. സഹജീവികളോടുള്ള യഥാർത്ഥമായ ആ പരോപകാരത്തിലൂടെ ആർജ്ജിക്കുന്ന പുണ്യമാണ് ആത്മാവിന്റെ മോചനത്തിനാവിശ്യം. ഉത്തരവാദിത്വങ്ങളിൽ എവിടെ വീഴ്ചവരുത്തിയാലും അത് തന്റെ ആത്മാവിനോടുള്ള വഞ്ചനയാണ്” സഹജീവികളിൽ നിന്നും എന്തെല്ലാം വേദനകൾ സഹിക്കേണ്ടിവന്നിട്ടും സ്വന്തം ജീവിതലക്ഷ്യത്തിൽ നിന്നും ഗുരു പിൻതിരിഞ്ഞതേയില്ല. അവർ നൽകിയ വേദനകൾ, തന്നെ കൂടുതൽ വേഗത്തിൽ ലക്ഷ്യത്തിലേക്ക് അടുപ്പിക്കയായിരുന്നുവെന്നു ഗുരു അരുളുകയുണ്ടായി. ഒരു വാക്കുകൊണ്ടുപോലും ഗുരു ആരേയും വേദനിപ്പിച്ചില്ല. ആരേയും വിമർശിച്ചില്ല. ആരേയും അപഹസിച്ചില്ല. ഗുരുവിന് ആരോടും നീരസം തോന്നിയതേയില്ല. ഗുരു തന്റെ ഉദ്യമങ്ങളിൽ നിന്നും പിൻതിരിഞ്ഞതുമില്ല. സ്വന്തം ജീവിതംകൊണ്ടു ലോകത്തിനു മനുഷ്യനന്മ എന്താണെന്നു നിസ്സംഗമായി കാണിച്ചുകൊടുത്തു. ഒരു മനുഷ്യജീവിതത്തിന്റെ പൂർത്തീകരണം സഹജീവികൾ തൊട്ടറിഞ്ഞു. (1)

ഒരു മനുഷ്യജന്മത്തെ, ഏതെല്ലാം രീതിയിൽ അർത്ഥവത്താക്കാമെന്ന അറിവാണു വളരെ ലളിതമായി ഗുരു നമ്മിലേക്കു പകർന്നത്. പകർന്ന സമയത്ത് നമുക്കതെല്ലാം മനസ്സിലാവുകയും ചെയ്തു. പക്ഷെ ആ അറിവിനും നമ്മുടെ മനസ്സിനുമിടയിൽ ഒരു തിരശ്ശീല വീഴുന്നുണ്ട്. നമ്മിലെ വാസനാജന്യതയാണ് ആ തിരശ്ശീല. അത് ഗുരുവിൽ നിന്നും ലഭ്യമായ അറിവ് പൂർണ്ണമായി പാലിച്ചു ജീവിക്കാൻ നമ്മെ അനുവദിക്കുന്നില്ല. പലപ്പോഴും ഗുരുത്വത്തിൽ നിന്നകന്ന് നമ്മൾ വാസനക്കനുസരിച്ചു ചിന്തിച്ചു പോകുന്നു. ഇതു ഒരു സാധാരണ ഗുരുവിശ്വാസി മുതൽ ഗുരുത്വം ജീവിതവൃതമായി എടുത്തവർ വരെയുള്ളവരുടെ പൊതുവായ അവസ്ഥയാണ്. എന്നാൽ ഗുരുവിനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച ഒരു വിശ്വാസിക്ക് നമ്മൾ സാധാരണ മനുഷ്യരല്ലായെന്ന ഒരു ഉൾബോധം ലഭിക്കും. മനുഷ്യരാശിയെ നന്മയിലേക്കു നയിക്കാൻവേണ്ടി ദൈവം നേരിട്ടു ചുമതലപ്പെടുത്തിയ ഒരു മഹാഗുരുവിന്റെ പരമ്പരയാണ് നമ്മൾ എന്ന ആ ബോധം ഒരാവേശമായി നമ്മിൽ പടർന്നു കയറണം. അപ്പോൾ ആശയപ്രചരണം ഒരുന്മേഷമായി നമുക്കനുഭവപ്പെടും. നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാന്യം നിറഞ്ഞ വിഷയം ഈശ്വരേച്ഛയെ മനുഷ്യരാശിയെ അറിയിക്കലാകും. നമ്മുടെ ചിന്തയും ഭാവനകളും പ്ലാനും പദ്ധതികളുമൊക്കെ എങ്ങനെയെല്ലാം ആശയപ്രചരണം നടത്താമെന്നതിനെക്കുറിച്ചാകും. ഈ (2)

യുഗത്തിന്റെ ആചാര്യാശയം ലോകത്തു വിളംബരം ചെയ്യാൻ അവസരം സിദ്ധിച്ച ശിഷ്യരെന്ന നിലയിൽ നമ്മുടെ സൗഭാഗ്യം എത്ര വലുതാണെന്നു ചിന്തിക്കും. ഈശ്വരേച്ഛ മനുഷ്യരാശിയിൽ നടപ്പിലാക്കാൻ ഈശ്വരൻ തിര ഞ്ഞെടുത്ത പരമ്പരയിൽ ഒരംഗമാകുക. നമ്മിൽ ഈശ്വരീയമായി വന്നു ചേർന്നിരിക്കുന്ന കർമ്മത്തിന്റെ വലിപ്പം മനസ്സിലാക്കാൻ നമുക്കു കഴിയണം. ഈശ്വരനിൽ ലയിച്ച ഒരു ആചാര്യനെയാണ് നമുക്കു ഗുരുവായി ലഭിച്ചി രിക്കുന്നത്. നമുക്ക്, ഗുരുപരമ്പരക്ക് മനുഷ്യരാശിയോട് ഒരു വലിയ ഉത്തര വാദിത്വം ദൈവം ഗുരുവിലൂടെ ചുമതലപ്പെടുത്തിയിരിക്കയാണ്. ആ ഉത്തര വാദിത്വമാണ് മറ്റു മനുഷ്യരിൽ നിന്നും വ്യത്യസ്ഥപ്പെട്ടു നില്ക്കുന്ന നമ്മിലെ അസാധാരണത്വം. അതിലൂടെ മനസ്സിനെ എപ്പോഴും ഉയർത്തി നിർത്തി വാസനാജന്യതയെ അതിജീവിക്കാൻ പ്രയത്നിക്കണം. (1)

ഈ ഗുരുപരമ്പരയിൽ, എല്ലാ വർണ്ണാശ്രമ (ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്യാസം) ങ്ങളിലും ഉൾപ്പെട്ട ഗുരുശിഷ്യരാണുള്ളത്. ഓരോ വർണ്ണാശ്രമത്തിനും അതിന്റേതായ ധർമ്മങ്ങളും. ആ ധർമ്മം പൂർത്തിയാക്കി ജീവിക്കുകയാണ് ഓരോ ഗുരുശിഷ്യരും കൈവരിക്കേണ്ട പൂർണ്ണത. എന്നാൽ ഈ ഗുരുപരമ്പരയിലെ ഏതു വർണ്ണാശ്രത്തിൽപ്പെട്ടവർക്കും ഗുരു പകർന്നു നൽകിയിരിക്കുന്ന ആശയം, ലക്ഷ്യം ആത്മമോചനമാണ്. ആ നിത്യാനന്ദ ത്തിൽ ലയിച്ചു ചേരൽ. അതിന് സഹജീവികളെ ആ ലക്ഷ്യത്തിലേക്ക് നയിച്ചു നേടേണ്ട പുണ്യം അനിവാര്യമാണുതാനും. മനുഷ്യരാശിയെ ആത്മമോചന മെന്ന ലക്ഷ്യത്തിലേക്കു നയിക്കാൻ ഈ യുഗത്തിൽ ഗുരുമാർഗ്ഗത്തിനു മാത്രമേ സാധിക്കൂ. ഗുരുമാർഗ്ഗത്തിലേക്കു നയിക്കാൻ, ഈശ്വരൻ ഗുരുവിന് പ്രദാനം ചെയ്ത ആശയാദർശങ്ങൾ മനുഷ്യരാശിയിലേക്കു പകരണം. ഏതു വർണ്ണാശ്രമത്തിലുള്ളവരുടേയും പ്രധാനകർമ്മം ആശയ പ്രകാശനമാണെ ന്നർത്ഥം. പക്ഷെ ആശയം പ്രകാശിപ്പിച്ചതുകൊണ്ടുമാത്രമായില്ല. ആശയം മനുഷ്യരാശിക്ക് സ്വീകാര്യമായിത്തീരണം. അങ്ങനെ സ്വീകാര്യമാകണമെങ്കിൽ ആശയ പ്രചാരകർക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകളുണ്ട്. ഗുരുവിനെ മാതൃകയാക്കി ജീവിച്ചു നേടേണ്ട സവിശേഷതകളാണത്. ആ സവിശേഷതക ളിലൂടെ നമ്മൾ ആർജ്ജിക്കുന്ന വ്യക്തിത്വമാണ് മനുഷ്യമനസ്സുകളിലേക്കു കടന്നുചെല്ലാനുള്ള നമ്മുടെ യോഗ്യത. മറ്റുള്ളവരുടെ വേദന മനസ്സിലാ ക്കാനും അവരെ ആശ്വസിപ്പിക്കാനുമുള്ള കരുണ നമ്മുടെ മനസ്സിനുണ്ടാ കണം. ജീവിതം സമൂഹത്തിന് മാതൃകയാകണം. അതിനുവേണ്ടി സ്വതസിദ്ധ മായ നമ്മുടെ ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തേണ്ടിവന്നേക്കാം. കുറേ യേറെ സ്വപ്നങ്ങളും മോഹങ്ങളും നമുക്കു ഉപേക്ഷിക്കേണ്ടിവന്നേക്കാം. പല (2)

സുഖസൗകര്യങ്ങളും ത്യജിക്കേണ്ടിവന്നേക്കാം. അതൊക്കെയാണ് നമ്മൾ സ്വയം സ്വീകരിക്കേണ്ട ത്യാഗങ്ങൾ. (1)

നമ്മൾ ഗുരു പരമ്പരയാണ്. നമ്മുടെ ചെറു ചലനങ്ങൾപോലും സംസ്ക്കാര സമ്പന്നമായിരിക്കണം. നമുക്ക് ഗുരുസംസ്ക്കാരത്തിൽ ഇഴുകിച്ചേരാൻ കഴിഞ്ഞാൽ മാത്രമേ പരമ്പരാഗതസംസ്ക്കാരത്തിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കൂ. പൂർണ്ണമായി ഗുരുസംസ്ക്കാരത്തിൽ ലയിക്കുന്നതുവരെ എത്രയോ ആയിരം പ്രാവിശ്യം നമുക്കു ചെറുതും വലുതുമായ തെറ്റുകൾ സംഭിവിക്കാം. സംഭവിച്ചതു തെറ്റുകളാണെന്നു മനസ്സിലാക്കി തിരുത്താൻ കഴിയണം. അതിനു അഹം തടസ്സമായി നിന്നാൽ രക്ഷപ്പെടാൻ സാധിക്കില്ല. അഹത്തിന് രണ്ടു വശങ്ങളുണ്ട്. ഈശ്വരസാക്ഷാത്ക്കാരം വരെയുള്ള ആത്മാവിന്റെ ഉന്നതിക്കടിസ്ഥാനം അഹമാണ്. സർവ്വവിധ ആത്മനാശത്തിനും കാരണഭൂതമായ ദുരഭിമാനവും, അതിലൂടെ ഉടലെടുക്കുന്ന മാത്സര്യം ശത്രുത, പക, അസൂയ തുടങ്ങിയ എല്ലാവും അഹത്തിൽ നിന്നാണ് ആരംഭിക്കുന്നത്. ശാപം, സംഹാരം, സങ്കല്പിച്ചു നശിപ്പിക്കൽ തുടങ്ങിയവ അഹന്തയിൽ നിന്നുത്ഭവിക്കുന്ന ആത്മനാശിനികളാണ്. അഹത്തിൽ നിന്നാണ് പ്രശസ്തിക്കുവേണ്ടിയുള്ള മോഹം ജനിക്കുന്നത്. ഋഷീശ്വരന്മാർക്കുപോലും അഹത്തിന്റെ നേരിയ ഭാവങ്ങൾ തിരിച്ചറിയാൻ സാധിച്ചിരുന്നില്ല. ഈ ഗുരു പരമ്പരക്ക് സൂഷ്മഭാവത്തിൽ ഗുരുവിലൂടെ നമ്മുടെ കുറവുകൾ തിരിച്ചറിയാൻ കഴിയണം. എങ്കിലേ തിരുത്താൻ സാധിക്കൂ. നമ്മുടെ ഉയർന്ന മാനസ്സികനില കാത്തുസൂക്ഷിക്കുന്നതിന് അടിസ്ഥാനമതാണ്. നമുക്ക് കൃത്യമായി ഗുരുവിന്റെ സങ്കല്പങ്ങളും ഇച്ഛകളും തിരിച്ചറിയാൻ കഴിയണം. അപ്പോഴേ നമ്മുടെ കുറവുകൾ തിരിച്ചറിയാൻ കഴിയൂ. ഏറ്റവും ഒടുവിലെങ്കിലും അതു മനസ്സിലാക്കിപ്പോകാൻ കഴിയണം. അതിനു കഴിഞ്ഞില്ലെങ്കിൽ ജന്മാന്തരങ്ങൾ പാഴിപ്പോകും. (2)

സത്സംഗങ്ങൾ നിരന്തരമായി ഉണ്ടാകണം. ഗുരുവിന്റെ ആശയങ്ങളും ഇച്ഛകളും സങ്കല്പങ്ങളും വിശദീകരിക്കപ്പെടണം. അത് യഥാവിധി വിലയിരുത്തപ്പെട്ടില്ലെങ്കിൽ, വേണ്ടവിധം മനസ്സിലാക്കപ്പെട്ടില്ലെങ്കിൽ പരമ്പരയുടെ അടിസ്ഥാനം നഷ്ടപ്പെട്ടുവെന്നർത്ഥം. ഗുരുവിന്റെ ആശയങ്ങളും തത്വസംഹിതകളും ജീവിതത്തിൽ നടപ്പിലാക്കിക്കൊണ്ടേയിരിക്കണം. സന്തതിപരമ്പരയിലേക്കു ഗുരുവിന്റെ നന്മനിറഞ്ഞ ജീവിതവീക്ഷണം പകർന്നുകൊണ്ടേയിരിക്കണം. ഗുരുവിനെ സ്നേഹിക്കുന്ന ഗൃഹസ്ഥാശ്രമികൾക്ക് ഇക്കാര്യത്തിൽ അടക്കാനാവാത്ത ആവേശമുണ്ടാകണം. ദേശങ്ങൾതോറും കൂട്ടായ്മകളുണ്ടാകണം. കൂട്ടായ്മകളിൽ ഗുരുരൂപം ആരാധിക്കപ്പെടണം. സ്വന്തം ലൗകിക ജീവിതത്തിനു വേണ്ടി അഞ്ചുദിവസം പ്രവർത്തിക്കുമ്പോൾ രണ്ടു ദിവസം (3)

സ്വന്തം ആത്മാവിനുവേണ്ടി പ്രവർത്തിക്കാൻ കഴിയണം. ഒരു മനുഷ്യൻ സ്വന്തം ആത്മാവിന്റെ ധർമ്മം അങ്ങനെയാണ് പരിപാലിച്ചെടുക്കേണ്ടത്. (1)

ഗൃഹസ്ഥാശ്രമികൾ പുലർത്തുന്ന ആശയത്തോടുള്ള ഉൽകൃഷ്ഠമായ ആവേശമാണ് ആശയത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെക്കാൻ അവരുടെ സന്തതികളെ പ്രേരിപ്പിക്കേണ്ടത്. ആശയം പകരൽ ഒരാത്മഹർഷമായി മാറണം. ആ കൂട്ടായ കർമ്മത്തിലൂടെ വളർന്നു വരുന്ന സ്നേഹവും, പരസ്പരവിശ്വാസവുമാണ് യഥാർത്ഥ കൂട്ടായ്മ; യഥാർത്ഥ ആത്മബന്ധം. അങ്ങനെ ഗൃഹസ്ഥാശ്രമികൾ കൂട്ടായ്മകളിലൂടെ ആശയപ്രചാരകരായി മാറണം. (2)

ഈശ്വരന്റെ കല്പനകളെ മനുഷ്യരാശിയിലെത്തിക്കാൻ നിയോഗപ്പെട്ട ഒരു മഹാഗുരുവിന്റെ സന്യാസശിഷ്യരുടെ കർമ്മഭാഗ്യം വിലമതിക്കാനാകില്ല. ഈ പ്രപഞ്ചത്തിലെ ഏറ്റവും ഉയർന്ന കർമ്മത്തിന്റെ ഉടമകൾ. ലോകശ്രദ്ധയെ ആകർഷിക്കത്തക്കവിധം ഗുരുവിന്റെ ആത്മീയവീക്ഷണങ്ങളെ അവതരിപ്പിക്കാനും മനുഷ്യമനസ്സുകളിൽ അതു സ്ഥാപിച്ചെടുക്കാനുമുള്ള കർമ്മയോഗ്യതയും ആർജ്ജവവും ഗുരുധർമ്മപ്രകാശകരായ ശിഷ്യർക്കുണ്ടാകണം. അതായിരിക്കണം ഗുരുവിന്റെ സന്യാസശിഷ്യരുടെ ജന്മോദ്ദേശവും ജീവിതലക്ഷ്യവും. ഒരു മഹാഗുരുവിന്റെ ശിഷ്യരാണെന്ന നിരന്തരമായ ബോധമാണ് ശിഷ്യരുടെ ഉയർന്ന ചിന്താഗതിക്കടിസ്ഥാനം. ആ ഉയർന്ന ചിന്താഗതിയാണ് ശിഷ്യസമൂഹത്തിന്റെ മൂല്യാധിഷ്ഠിതമായ ജീവിതത്തിനടിസ്ഥാനമാകേണ്ടത്. ഗുരുവിന്റെ ജീവിതവീക്ഷണത്തിലടിസ്ഥാനപ്പെട്ട എല്ലാ പ്രത്യേകതകളും ശിഷ്യർ അവരുടെ ജീവിതത്തിലുണ്ടാക്കിയെടുക്കണം. (3)

ലളിതമായ ജീവിതം–നിഷ്ഠയുള്ള ദിനചര്യ– ശുചിത്വമുള്ള പരിസരം–
ശുദ്ധമായ വസ്ത്രം–സാത്വികമായ ഭക്ഷണം– വ്യക്തിത്വമുള്ള സ്വഭാവം–

ആശയസമ്പന്നമായ ചിന്തകൾ–സത്യമായ വചനങ്ങൾ–

–സ്നേഹാർദ്രമായ പെരുമാറ്റം–കാരുണ്യമുള്ള സമീപനം–

ദൃഢമായ ധർമ്മനിഷ്ഠ– പുണ്യാത്മകമായ കർമ്മപദ്ധതി–

ശാന്തമായ മനസ്സ്–മൃദുവായ ഭക്തി– ലയനാത്മകമായ പ്രാർത്ഥന–

ആഴമുള്ള ധ്യാനം– ധന്യമായ ജീവിതം–പൂർണ്ണമായ ജന്മം. ഇപ്രകാരം

ഗുരുവിനെ മാതൃകയാക്കിയുള്ള ധന്യജീവിതത്തിലൂടെയാണ് ഗുരുശിഷ്യർ മനുഷ്യമനസ്സുകളിലേക്ക് രംഗപ്രവേശനം നടത്തുന്നത്. ഇന്ന് സമൂഹത്തിൽ നിലനില്ക്കുന്ന അനേകം ആധുനിക സന്യാസപരിവേഷങ്ങളുണ്ട്. ഗുരു ശരീ (4)

രത്തോടെയിരുന്നപ്പോൾ ഈ പരമ്പരക്കു പകർന്നുതന്ന സന്യാസപരിവേഷ
മാകണം നമ്മൾ പിൻതുടരേണ്ടത്. അപ്പോൾ പരമ്പരയുടെ ബഹുമാനവും
ആദരവും അംഗീകാരവും ശിഷ്യനിലേക്ക് ഗുരു വാരിച്ചൊരിക്കും. അതു തിരി
ച്ചറിഞ്ഞുകൊണ്ടു കൂടുതൽ വിനീതനായി ഗുരുവിനെ മനുഷ്യമനസ്സുകളി
ലേക്ക് പകരാൻ ശിഷ്യൻ ആ അവസരം വിനിയോഗിക്കണം. ഗുരുപരമ്പര
യിലെ സന്യാസിയുടെ ധർമ്മം ഗുരുധർമ്മപ്രകാശനമാണ്. ഗുരുവിന്റെ
ആശയങ്ങൾ മനുഷ്യരാശിയിലേക്കു പകരാനുള്ള എല്ലാവിധ ശേഷിത്വവും
ആർജിക്കാനുള്ള പ്രാർത്ഥനയും ചിന്തയും കർമ്മവും കൊണ്ട് ജീവിതം
അർത്ഥപൂർണ്ണമാക്കണം. തന്നിലൂടെ ഗുരുമാർഗ്ഗം സ്വീകരിക്കപ്പെടുന്ന വ്യക്തി
കളുടെ എണ്ണം കണ്ട് ശിഷ്യന്റെ മനസ്സ് നിർവൃതിയടയണം. അങ്ങനെ
ജനസമൂ ഹങ്ങളെ ഗുരുത്വത്തിലേക്കു നയിക്കുന്നത് ഭക്തിഭാവന ചെയ്തു
സായൂജ്യ മടയുന്ന ഒരു ശിഷ്യമനസ്സിന്റെ ഏകലക്ഷ്യം തിളക്കമാർന്ന
വ്യക്തിത്വത്തി നുടമയായിത്തീരണമെന്നാകണം. അതിനു വേണ്ടിയാകും
തന്റെ ജീവിതം ഗുരുപാദത്തിൽ സമർപ്പിക്കുന്നത്. തന്റെ ചിന്തയും
പ്രാർത്ഥനയും കർമ്മവും ജീവിതവും ദൈവത്തിന്റെ കല്പനകൾ ഏറ്റു
വാങ്ങിയ ഗുരുവിന്റെ ആശയങ്ങളെ മനുഷ്യമനസ്സുകളിലെത്തിക്കാൻ മാത്രമാ
യിത്തീരുമ്പോൾ ഗുരു നമ്മെ ആ കർമ്മയോഗ്യതയിൽ എത്തിക്കും. (1)

ഈശ്വരന്റെ കല്പനകളും അതിനനുസരണമായ ഗുരുവിന്റെ ആശയങ്ങളും,
അതു ലോകവ്യാപകമാക്കാനുള്ള ശിഷ്യന്റെ ദൃഢവൃതവും, ഉൽകൃഷ്ടാത്മാ
ക്കൾക്ക് ജന്മം നൽകാൻവേണ്ടിയുള്ള ഗൃഹസ്ഥന്റെ പ്രാർത്ഥനയും ഒന്നു
ചേരുന്നതാകണം ഗുരുപരമ്പര. ഒറ്റ ലക്ഷ്യത്തിലൊരേ വിശ്വാസത്തിൽ, ഒറ്റ
പ്രാർത്ഥനയിലൊരേ സങ്കല്പത്തിൽ ജീവിക്കാൻ കഴിയണം. നമുക്കു ഒരുമി
ച്ചുയരാൻ സാധിക്കും. ഗുരുവിന്റെ ആശയങ്ങൾ മനുഷ്യരാശിയിൽ പകരാനു
ള്ള ശേഷിത്വം മാത്രമായിരിക്കണം ശിഷ്യന്റെ ലക്ഷ്യം. അതിനു വേണ്ടി മാത്രം
പ്രാർത്ഥിക്കാൻ കഴിയണം. അപ്പോൾ എല്ലാ യോഗ്യതകളും വന്നു ചേരും.
എല്ലാ ശേഷിത്വവും വന്നുചേരും. എല്ലാ ആകർഷണീയതയും കൈവരിക്കും.
ലക്ഷ്യത്തിൽ നിന്നു വ്യതിചലിക്കുകയേ അരുത്. ഗുരുവിനെ മുറുകെ പിടി
ക്കണം. എനിക്കു ഈശ്വരനിശ്ചയത്തെ ലോകവ്യാപകമാക്കാനുള്ള എല്ലാ കഴി
വുകളും നൽകേണമേയെന്നു കേണപേക്ഷിക്കണം. ഗുരുവിനു നമ്മെ
കൈവിടാനാകില്ല. നമ്മളറിയാതെ നമ്മുടെ കുറവുകൾ നമുക്കു മനസ്സിലാ
യിത്തുടങ്ങും. അതു തിരുത്താനുള്ള മന:ശക്തി നമുക്കുണ്ടായിത്തുടങ്ങും.
നമ്മുടെ ഹൃദയത്തിൽ സഹജീവിസ്നേഹം വളർന്നു തുടങ്ങും. പരോപകാ
രതല്പരത വികസിക്കും. മറ്റുള്ളവരുടെ ഹൃദയം കവരാനുള്ള ആകർഷ
ണീയത നമ്മുടെ സ്വഭാവത്തിൽ വന്നുചേരും. അപ്പോഴും ഗുരുവിന്റെ ആശയ (2)

ത്തെ ലോകവ്യാപകമാക്കണമെന്ന ഒരൊറ്റ മോഹം മാത്രം നിലനിർത്തണം. മനുഷ്യരാശിയെ ഗുരുമാർഗ്ഗത്തിലെത്തിക്കാനുള്ള പുതിയ പുതിയ ആശയങ്ങൾ നമ്മുടെ മനസ്സിലുദിച്ചുയർന്നു വന്നുകൊണ്ടേയിരിക്കും. നമ്മളതു പ്രാവർത്തികമാക്കിക്കൊണ്ടിരിക്കണം. പ്രതിബന്ധങ്ങളേറെയുണ്ടാകും. പരിണതഫലത്തെക്കുറിച്ചു ചിന്തിക്കാതെ ഗുരുവിൽ സമർപ്പിച്ച് പ്രവർത്തിച്ചു കൊണ്ടിരിക്കണം. ഞാനെന്ന ഭാവം കടന്നുവരാതെ നല്ലപോലെ സൂക്ഷിക്കണം. എല്ലാം ഗുരുവായി ചെയ്യിക്കുന്നു. നമ്മൾ ഗുരുവിന്റെ കരണങ്ങൾ മാത്രമാണെന്ന ചിന്തയൊഴിയാതെ പ്രവർത്തിക്കണം. ഇതാണ് പുണ്യദായകമായ നിഷ്ക്കാമകർമ്മം. അതിലൂടെ നമ്മുടെ ആത്മശേഷിയും കർമ്മശേഷിയും വികസിച്ചു കൊണ്ടിരിക്കും. നല്ല ആത്മസംതൃപ്തിയുണ്ടാകും. അതോടൊപ്പം ഒരു വശത്ത് നമ്മളറിയാതെ നമ്മിലെ അഹവും വർദ്ധിച്ചുകൊണ്ടിരിക്കും. നമ്മൾ എഴുതുന്നതിലും പറയുന്നതിലും ആകർഷണീയത വർദ്ധിച്ചുകൊണ്ടിരിക്കും. നമ്മൾ സംസാരിക്കുന്നിടത്ത് ആളുകൾ തടിച്ചുകൂടും. വായനക്കാരുടെ എണ്ണം കൂടിക്കൊണ്ടിരിക്കും. നമുക്ക് ആരാധകരുണ്ടാകും. പ്രശസ്തിയുണ്ടാകും. എന്റെ ജീവന്റെ കഴിവുകൊണ്ടാണിതൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന ചിന്ത മുന്നിൽ വരുന്ന സമയമാണത്. പ്രമത്തത ബാധിക്കാതെ സൂക്ഷിക്കണം. ബാധിച്ചുപോയാൽ വളരെ സൂക്ഷിച്ച് അതു തിരിച്ചറിയണം. ഗുരുവിനോട് നമ്മൾ എപ്പോഴും കടപ്പെട്ടുകൊണ്ടിരിക്കണം. ഗുരുപാദങ്ങളിൽ അഭയം തേടണം. എല്ലാം ഗുരുവായി ചെയ്യിച്ചെടുക്കുന്നതാണെന്ന് എപ്പോഴും ഓർക്കണം. അല്ലങ്കിൽ അബദ്ധത്തിൽപ്പെടും. നമ്മളറിയാതെ ഗുരുനിന്ദയിൽപ്പെടും. മോചനമുണ്ടാകില്ല. (1)

ജീവന്റെ ഉയർച്ചയും അവസ്ഥകളും അനുഭവങ്ങളും ദർശനങ്ങളും അതിൽ അന്തര്യാമികളുടെ സ്വാധീനങ്ങളും അതിന്റെ തിരുത്തുകളും ദർശനത്തിന്റെ അടുക്കുകളും ജീവന്റെ അവസ്ഥാഭേദങ്ങളുമൊക്കെ പുസ്തകത്താളുകളിൽ കുത്തിക്കുറിച്ച് ചർച്ചാവിഷയമാക്കിത്തീർക്കേണ്ട കാര്യങ്ങളല്ല. **നിയതിയുടെ നിയമങ്ങളെ അതു സൃഷ്ടിച്ച ദൈവം പോലും മറികടക്കില്ലന്നു ഗുരു അരുളിയപ്പോൾ സങ്കല്പതുല്യമായ സത്യത്തിന്റെ പൊരുൾപോലും എത്ര കർശനമായ നിബന്ധനക്കുള്ളിലാണെന്നു ചിന്തിച്ചുപോയി.** സ്വന്തം ധർമ്മകർമ്മങ്ങളിൽ നിബന്ധന ചെയ്തിരിക്കുന്ന ആത്മാവിന്റെ ഗതിവിഗതികളെ ഒരു താല്പര്യത്തിന്റെ പേരിൽ ദൈവത്തിനുപോലും സ്പർശിക്കാൻ സാധിക്കില്ലങ്കിൽ അതു നമ്മൾ സ്വയം ചെയ്തെടുക്കുക തന്നെവേണമല്ലോ? ഗുരുമാർഗ്ഗദർശനമരുളുക മാത്രമാണ്. മാർഗ്ഗം തെറ്റാതെ നമ്മൾ സ്വയം സൂക്ഷിച്ചു ചെയ്തെടുക്കുക തന്നെ വേണം. (2)

(തുടരും)